ആദിവാസികളെ കൂട്ടവന്ധ്യംകരണത്തിന് വിധേയമാക്കിയ നടപടി

*24 [23] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, ടി. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആയിരത്തിലധികം ആദിവാസികളെ കൂട്ടവന്ധ്യംകരണത്തിന് വിധേയമാക്കിയതായി പറയപ്പെടുന്ന ആരോഗ്യ വകുപ്പിന്റെ നടപടിയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്ധ്യംകരണം സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബാസൂത്രണം സംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ടാണ് വയനാട്ടിൽ ആദിവാസികളെ വന്ധ്യംകരിച്ചതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആദിവാസികളുടെ കൂട്ടവന്ധ്യംകരണത്തിന് നേതൃത്വം നൽകിയ വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ ഏതെങ്കിലും പ്രധാനപ്പെട്ട സമിതി മുൻപാകെ ഹാജരാകാത്തത് സംബന്ധിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൂട്ടവന്ധ്യംകരണത്തിന് നേതൃത്വം നൽകിയ വയനാട് ജില്ലാ മെഡിക്കൽ ഓഫീസർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ, ബി) ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ആദിവാസികളെ നിർബന്ധിച്ച് വന്ധീകരണം നടത്തിയിട്ടുള്ളതായി തെളിഞ്ഞിട്ടില്ല.

(സി) ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസ സംസ്ഥാനതല യോഗത്തിൽ അതത് ജില്ലകളിൽ നിന്നും സമർപ്പിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കൽ അവലോകനം ചെയ്യുകയും ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിൽ ആയതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ ഏതെങ്കിലും സമിതി മുൻപാകെ ഹാജരാകാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ട് ഹാജരാകാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പി. എസ്. സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച

*25 [24] ശ്രീ. മഞ്ഞളാംകുഴി അലി:

,, സാജു പോൾ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷകൾ ആക്ഷേപങ്ങൾക്ക് ഇടനൽകാതെ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പരീക്ഷാ നടത്തിപ്പ് കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്ന ചോദ്യപേപ്പറുകൾ ചോർത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇവർ പി. എസ്. സി. ജീവനക്കാരാണോ;

(എഫ്) ഈയിടെ നടത്തിയ എൽ. ഡി. സി. പരീക്ഷാ പേപ്പർ ചോർന്ന സംഭവത്തിൽ പി. എസ്. സി. ജീവനക്കാർക്കോ കമ്മീഷനോ ബന്ധമുള്ളതായി തെളിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പി. എസ്. സി. യുടെ പരീക്ഷകൾ ആക്ഷേപങ്ങൾക്ക് ഇട നൽകാത്ത വിധം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(ബി) പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യ പേപ്പർ ചോരുന്ന സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി പരീക്ഷാ ദിവസം പി. എസ്. സി. യിലെ ഉദ്യോഗസ്ഥർ നേരിട്ട് ചോദ്യപേപ്പർ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ച് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly